മലയാള മനോരമ

29 June 2023

# പാർലമെന്റ് സമിതി സിഎംഎഫ്ആർഐ സന്ദർശിച്ചു

കൊച്ചി ● കൃഷി–മൃഗസംരക്ഷണ–ഭക്ഷ്യ സംസ്കരണ പാർലമെന്റ് സ്ഥിരം സമിതി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. കർണാടകയിൽ നിന്നുള്ള എംപി പി.സി. ഗഡ്ഡിഗൗഡർ അധ്യക്ഷനായ സമിതി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി. ആറ് എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.